# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 116 — 28.06.2016-ലെ മറുപടിക്ക്

### ജയിലുകളിലെ സാക്ഷരതാ ക്ലാസ്സുകൾ

| ചോദ്യം<br>ശ്രീ.കെ.രാജൻ | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ മിക്ക ജയിലുകളിലും സാക്ഷരതാ ക്ലാസ്സ് മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ജയിലുകളിൽ സാക്ഷരതാ ക്ലാസ്സ് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | ബി) സാക്ഷരതാ പ്രവർത്തനം മുടങ്ങിപ്പോയ ജയിലുകളിൽ അത് പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) എല്ലാ തടവുകാരെയും സാക്ഷരരാക്കണമെന്ന ജയിൽ ചട്ടത്തിലെ വ്യവസ്ഥക്കനുസൃതമായി ജയിലുകളിൽ സ്ഥിരം അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) സെൻട്രൽ ജയിലുകളിൽ സ്ഥിരം അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മറ്റ് ജയിലുകളിൽ, അതാതു ജയിലുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ജില്ലാ സാക്ഷരതാ മിഷൻ കോർഡിനേറ്ററുമായി ബന്ധപ്പെട്ട് പ്രേരക് മാരുടെ ശിക്ഷണത്തിൽ ആണ് സാക്ഷരതാ വിദ്യാഭ്യാസം നടന്നുവരുന്നത്. ചില അവസരങ്ങളിൽ ഉദ്യോഗസ്ഥരോ വിദ്യാസമ്പന്നരായ തടവുകാരോ പ്രസ്തുത പ്രവർത്തനം നടത്തി വരുന്നുണ്ട്. ഈ സാഹചര്യത്തിൽ ജയിലുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ